**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**
**(ഫെബ്രുവരി 25 - മാർച്ച് –** 3, 2022)
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി** – 680651
E-mail: ccmannuthy@kau.in, Phone:0487-2370773)

**No. C3/4/2022 – 09** **Dt. 24.02.2022**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെല്ലിന് തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ അവയുടെ നിയന്ത്രണത്തിനായുള്ള പ്രത്യേക ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഒരേക്കറിന് 2 കാർഡ് വീതം എന്ന കണക്കിന് 20 കഷണങ്ങളാക്കി മുറിച്ച് 5 സെന്റിന് ഒന്ന് വീതം പാടത്തെ വിവിധ ഭാഗങ്ങളിൽ തെങ്ങോലകളിലോ പേപ്പർ/പ്ലാസ്റ്റിക് കപ്പുകളിലോ സ്റ്റേപ്പിൾ ചെയ്ത് വെക്കാവുന്നതാണ്. രണ്ടാഴ്ചയിലൊരിക്കൽ പുതിയ കാർഡുകൾ വെച്ച് നാലഞ്ച് പ്രാവശ്യം ഇതാവർത്തിക്കുക.

നെല്ലിൽ മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം രണ്ട് ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

നെല്ലിൽ കാണപ്പെടുന്ന ചാഴിയെ നിയന്ത്രിക്കാൻ പാടവും വരമ്പും കളവിമുക്തമാക്കുക. ഒരു പാടശേഖരത്ത് ഒരേ മൂപ്പുള്ള ഇനങ്ങൾ ഒരേ സമയത്ത് കൃഷി ഇറക്കി ഒരേ സമയത്ത് കീടനാശിനി പ്രയോഗം ചെയ്യാൻ ശ്രദ്ധിക്കുക. മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 10 മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും). കീടനാശിനി തളിക്കുന്നത് വരമ്പുകളിൽ നിന്ന് തുടങ്ങി പാടത്തിന്റെ നടുവിലേക്ക് എത്തുന്ന രീതിയിൽ ആയിരിക്കണം.

നെല്ലിൽ കാണപ്പെടുന്ന ലക്ഷ്മി രോഗം നിയന്ത്രിക്കാൻ രോഗബാധയേറ്റ പാടങ്ങളിലെ വിത്തുകൾ ഉപയോഗിക്കാതിരിക്കുക. രോഗബാധയേറ്റ നെൽച്ചെടികളുടെ വിളാവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സ്ഡ് (കൊസൈഡ്) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അമ്പത് ശതമാനം കതിരു വരുമ്പോൾ തളിച്ചു കൊടുക്കാവുന്നതാണ്.

ബാക്ടീരിയൽ ഓല കരിച്ചിൽ രോഗം വരാതിരിക്കാനായി സ്യൂഡോമോണസ് ഫ്ളൂറസൻസ് എന്ന ബാക്ടീരിയപ്പൊടി നട്ട് 35 ദിവസം കഴിയുമ്പോൾ 20 ഗ്രാം ഒരു ലിറ്റർ വെളളത്തിൽ എന്ന കണക്കിന് തളിച്ച് കൊടുക്കുക.

തെങ്ങിന് നന തുടരേണ്ടതാണ്. വിത്തുതേങ്ങാ സംഭരണവും ഈ മാസത്തിൽ തുടരാം. വിളഞ്ഞ് പാകമായ നാളികേരം മാത്രമേ വിത്തിനായി ഉപയോഗിക്കാവൂ. നാളികേരക്കുല ബലമുള്ള കയറിൽ കെട്ടിയിറക്കണം. ഓരോ കുലയിലേയും ലക്ഷണമൊത്ത തേങ്ങ തിരഞ്ഞെടുത്ത് ഒരു മാസം തണലിൽ സൂക്ഷിച്ചതിന് ശേഷം മാത്രമേ നടാവൂ. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്താൻ പച്ചയോ, ഉണങ്ങിയതോ ആയ ചകിരി തടങ്ങളിൽ ഇട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും 2 മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയശേഷം മണ്ണിട്ടു മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതു കൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും.

കവുങ്ങിന് നന തുടരണം. ഇടവിള കൃഷിയിലൂടെ കവുങ്ങിൻ തോട്ടം കൂടുതൽ ആദായകരമാക്കാം. ജാതി, വാഴ, തീറ്റപ്പുല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔഷധ ചെടികൾ എന്നിവ ഇടവിളകൃഷിക്ക് യോജിച്ചവയാണ്. പ്രധാന വിളക്കൊപ്പം ഇടവിളകൾക്കും വെള്ളവും വളവും നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.

പച്ചക്കറികളിലെ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി പച്ചക്കറിയുടെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെളളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്.

കണി വെള്ളരി നടുന്ന സമയം ആണ്. മത്തൻവണ്ടിനെ നിയന്ത്രിക്കാനായി നടുന്ന സമയത്ത് തടങ്ങളിൽ വേപ്പിൻപിണ്ണാക്ക് ഇട്ട് കൊടുക്കാവുന്നതാണ്.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 10 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക. തൈകൾ ഉൽപ്പാദിപ്പിക്കാനായി കശുമാവ് തോട്ടങ്ങളിൽ പതിവയ്ക്കൽ ആരംഭിക്കാവു ന്നതാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ലെയറുകൾ ജൂൺ – ജൂലായ് മാസങ്ങളിൽ നടാൻ അനുയോജ്യമാണ്.

തക്കാളി, വഴുതന, മുളക് മുതലായ വിളകളിൽ ബാക്ടീരിയൽ വാട്ടരോഗം കാണാറുണ്ട്. പുളി രസം കൂടുതലുള്ള മണ്ണിൽ ഈ രോഗം ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലായിരിക്കും. അത്തരം മണ്ണിൽ നിലം ഒരുക്കുമ്പോൾ തന്നെ 1 സെന്റിന് രണ്ടര കിലോഗ്രാം കുമ്മായം ചേർക്കണം. രോഗസാദ്ധ്യത കുറയ്ക്കുന്നതിനോടൊപ്പം

പോഷകമൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും കുമ്മായ പ്രയോഗത്തിലൂടെ സാധിക്കും. രോഗം ബാധിച്ച് വാടി നിൽക്കുന്ന ചെടികൾ അപ്പോൾ തന്നെ വേരോടെ പിഴുത് നശിപ്പിക്കണം. രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുകയാണ് രോഗം ചെറുക്കുന്നതിനുള്ള മറ്റൊരു പോംവഴി. ശക്തി, മുക്തി, അനഘ എന്നീ തക്കാളി ഇനങ്ങളും നീലിമ, ഹരിത, ശ്വേത എന്നീ വഴുതിനയിനങ്ങളും ഉജ്ജ്വല, അനുഗ്രഹ എന്നീ മുളകിനങ്ങളും ഈ രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ്.

ഓണവാഴക്ക് നന തുടരണം. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലതീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പറിച്ചെടുത്ത് പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്‌ളൂബെന്റാമൈഡ് (ഫെയിം) 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വേപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക.

ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗ വിളകൾ ഇപ്പോൾ നടാവുന്നതാണ്. വേനൽ മഴയോടെയാണ് കാച്ചിൽ നടേണ്ടത്. ശ്രീകീർത്തി, ശ്രീരൂപ എന്നിവ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളാണ്.

പാഴാക്കി കളയുന്ന കശുമാങ്ങയിൽ നിന്നും സ്‌ക്വാഷ്, സിറപ്പ്, ജാം തുടങ്ങി വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. കശുമാങ്ങയുടെ ചവർപ്പ് മാറ്റുന്നതിനായി മൂത്തുപഴുത്ത കശുമാങ്ങ ശേഖരിച്ച് വൃത്തിയാക്കി ചാറ് പിഴിഞ്ഞെടുത്തശേഷം ഒരു ലിറ്റർ ചാറിന് 10 ഗ്രാം ചൗവ്വരി കുറുക്കിയതുമായി കൂട്ടിക്കലർത്തി 12 മണിക്കൂർ നേരം വയ്ക്കുക. ഇതിന്റെ തെളിയെടുത്ത് സ്‌ക്വാഷ്, സിറപ്പ് മുതലായവ ഉണ്ടാക്കാവുന്നതാണ്.

**അറിയിപ്പ്**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം, പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

**അസോസിയേറ്റ് പ്രൊഫസർ & ഹെഡ്**

**കമ്മ്യൂണിക്കേഷൻ സെന്റർ**